**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1860 — 14.08.2017 ൽ മറുപടിക്ക്

കക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഒ. പി. ബ്ലോക്ക്

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഒ. പി. ബ്ലോക്കിന്റെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും അനുമതി ലഭിച്ച് നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് കാതിക്കുടം (കക്കാട്) പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഒ. പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല വഹിക്കുന്നത്. ബിൽഡിംഗിന്റെ ഫ്ളോറിങ്, പ്ളംബിംഗ് & ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കാനുണ്ട്.ടി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപെട്ട് ഒരു വിജിലൻസ് കേസ് നിലവിലുണ്ട്.നിർമ്മാണപ്രവർത്തങ്ങൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനായി ഐ.പി കെട്ടിടത്തിൽ ഒ. പി പ്രവർത്തിച്ച് വരികയാണ്. |
| (ബി) | ഇതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും കക്കാട് പി.എച്ച്.സി.യുടെ ഒ. പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ